പതിമൂന്നാം കേരള നിയമസഭ
എഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1019 7.2.2013 ലെ മറുപടിക്ക്

ഭൂരഹിത പട്ടികജാതി പിന്നോക്ക വിഭാഗക്കാർക്ക് ഭൂമി

| ചോദ്യം | മറുപടി | |
|---|---|---|
| ശ്രീ.കെ. രാധാകൃഷ്ണൻ | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) സംസ്ഥാനത്ത് എത്ര ഭൂരഹിതരായ പട്ടികജാതിക്കാരും പിന്നോക്ക സമുദായക്കാരും ഉണ്ടെന്ന് കണക്കെടുത്തിട്ടുണ്ടോ; | എ) | 2009-ൽ വകുപ്പ് വിവരശേഖരണം നടത്തി കണ്ടെത്തിയതു പ്രകാരം സംസ്ഥാനത്ത് നിലവിൽ 26,562 പട്ടികജാതിക്കാർ ഭൂരഹിതരായിട്ടുണ്ട്. പിന്നോക്കസമുദായങ്ങളിലെ ഭൂരഹിതരുടെ കണക്ക് എടുത്തിട്ടില്ല. |
| (ബി) എങ്കിൽ ജില്ല തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) | ഭൂരഹിതരായ പട്ടികജാതിക്കാരെക്കുറിച്ചുള്ള ജില്ല തിരിച്ചുള്ള വിശദാംശം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (സി) ഭൂരഹിതരായ പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഭൂമി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ (2012-ജനുവരി 31 വരെ) ഭൂരഹിതരായ പട്ടികജാതിയിൽപ്പെട്ട 14855 പേർക്ക് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ 2012-13 സാമ്പത്തിക വർഷം 10646 പേരെ ലക്ഷ്യമിട്ടുകൊണ്ട് 16969 ലക്ഷം രൂപ 2225-01-800-17 ശീർഷകത്തിൽ വകയിരുത്തുകയും ജനുവരി 2013 വരെ 9475 പേർ ഗുണഭോക്താക്കളാകുകയും ചെയ്തിട്ടുണ്ട്. ഇതിനായി 14456.9035 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ട ഭൂരഹിതരായ മുഴുവൻ പേർക്കും ഭൂമി വിതരണം ചെയ്യുന്നനടപടി എപ്പോൾ ആരംഭിക്കുമെന്ന വ്യക്തമാക്കുമോ? | ഡി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ മുഴുവൻ പേർക്കും ഘട്ടം ഘട്ടം ആയി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഈ സാമ്പത്തിക വർഷം 10646 പേർക്ക് ഭൂമി നൽകാനുള്ളതിൽ 31.1.2013 വരെ 9475 പേർക്ക് ഭൂമി നൽകിക്കഴിഞ്ഞു. |

Rashmidas

സെക്ഷൻ ഓഫീസർ

## സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതരുടെ ജില്ല തിരിച്ചുള്ള കണക്ക്

| ക്രമ നം. | ജില്ല | ഭൂരഹിതരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 4434 |
| 2 | കൊല്ലം | 7869 |
| 3 | പത്തനംതിട്ട | 945 |
| 4 | ആലപ്പുഴ | 1009 |
| 5 | കോട്ടയം | 310 |
| 6 | ഇടുക്കി | 1572 |
| 7 | എറണാകുളം | 4925 |
| 8 | തൃശ്ശൂർ | 1466 |
| 9 | പാലക്കാട് | 243 |
| 10 | മലപ്പുറം | 1126 |
| 11 | കോഴിക്കോട് | 571 |
| 12 | വയനാട് | 106 |
| 13 | കണ്ണൂർ | 553 |
| 14 | കാസർഗോഡ് | 1433 |
| | **ആകെ** | **26562** |

Rahulee
സെക്ഷൻ ഓഫീസർ